# <u>ഏലൂർ നഗരസഭ</u>
# <u>സാധാരണ കൗൺസിൽ യോഗ നോട്ടീസ്</u>

**G2-347/11**

മാന്യ മിത്രമെ,

ഏലൂർ നഗരസഭാകൗൺസിലിന്റെ ഒരു സാധാരണ കൗൺസിൽ യോഗം **11.10.2017 ബുധനാഴ്ച രാവിലെ 11.00-ന്** താഴെ പറയുന്ന അജണ്ടകൾ പരിഗണിക്കുന്നതിനായി കൗൺസിൽ ഹാളിൽ വച്ച് ചേരുന്നതിന് നിശ്ചയിച്ചിട്ടുണ്ട്. താങ്കൾ കൃത്യ സമയത്ത് പങ്കെടുക്കുവാൻ താല്പര്യപ്പെടുന്നു.

**മുനിസിപ്പൽ ചെയർപേഴ്സൺ**

**<u>എല്ലാ കൗൺസിൽ അംഗങ്ങൾക്കും</u>**
**<u>പകർപ്പ് : നോട്ടീസ് ബോർഡ്, എല്ലാ വകുപ്പു തലവന്മാർക്കും.</u>**

<u>**അജണ്ട:** 1</u>

A3-8037/13

വിഷയം : ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 28.09.2017 തീയതിയിൽ 2–ാം നമ്പർ തീരുമാനമായി അംഗീകരിച്ച മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ അപേക്ഷ കൗൺസിൽ അംഗീകാരത്തിനായി.

| ക്രമ നമ്പർ | പേരും വിലാസവും | വാർഡ് |
|---|---|---|
| 1. | സബിയത്ത് റ്റി. എം., തൈവേലിയ്ക്കകത്ത്(H), ഏലൂർ നോർത്ത് | 2 |

<u>**അജണ്ട:** 2.</u>

A3-6816/13

വിഷയം : ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 28.09.2017 തീയതിയിൽ 1–ാം നമ്പർ തീരുമാനമായി അംഗീകരിച്ച് ശുപാർശ ചെയ്ത 56 വാർദ്ധക്യകാല പെൻഷൻ അപേക്ഷകളും നിരസിച്ച 4 അപേക്ഷകളും കൗൺസിൽ പരിഗണനയ്ക്ക്.

(ലിസ്റ്റ് ഉള്ളടക്കം ചെയ്തിരിക്കുന്നു)

**അജണ്ട: 3.**

PW2-11076/16

വിഷയം : ഏലൂർ നഗരസഭയിലെ 2017-18 പ്രൊജക്ട് ആയ Project No: SO275/18 "തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ" എന്ന പ്രവൃത്തി ഏറ്റെടുത്ത് നടത്തിയിരുന്ന കരാറുകാരനായ ശ്രീ. ശിവപ്രസാദ് ബി. ഹാജരാക്കിയിരിക്കുന്ന 01.03.2017 മുതൽ 30.07.2017 വരെ കാലയളവിൽ തെരുവ് വിളക്ക് അറ്റകുറ്റപ്പണികൾ നടത്തിയതിന്റെ വാർഡ് തിരിച്ചുള്ള ലിസ്റ്റും ബില്ലും ബഹു. കൗൺസിൽ പരിഗണനയ്ക്കായി.

കുറിപ്പ് : 05.10.2017 തീയതിയിലെ പൊതുമരാമത്ത്കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 1–ാം നമ്പർ തീരുമാനമായി ബിൽ തുക അംഗീകരിച്ച് കൗൺസിൽ അനുമതിയ്ക്കായി ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

**അജണ്ട: 4.**

PW2-8650/17

ഏലൂർ നഗരസഭ – 2-ാം വാർഡിലെ അങ്കണവാടി പകൽ വീടിന് സമീപം ശോചനീയാവസ്ഥയിൽ കിടക്കുന്ന റോഡും മസ്ജിദിന് സമീപത്തായിട്ടുള്ള റോഡും തകരാർ പരിഹരിച്ച് സഞ്ചാരയോഗ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് കാണിച്ച് പൊതുമരാമത്ത് കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ. എ. ഡി. സുജിൽ നൽകിയിരിക്കുന്ന കത്ത് ബഹു. കൗൺസിൽ പരിഗണനയ്ക്കായി.

കുറിപ്പ് : പൊതുമരാമത്ത്കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 05.10.2017 തീയതിയിലെ 4–ാം നമ്പർ തീരുമാന പ്രകാരം അങ്കണവാടി പകൽ വീടിന് സമീപം ശോചനീയാവസ്ഥയിൽ കിടക്കുന്ന റോഡും മസ്ജിദിന് സമീപത്തായിട്ടുള്ള റോഡും തകരാർ പരിഹരിച്ച് സഞ്ചാരയോഗ്യമാക്കുന്നതിന് 20,000/- രൂപയിൽ കൂടുതൽ ചിലവ് അധികരിക്കാത്ത വിധത്തിൽ എസ്റ്റിമേറ്റ് എടുത്ത് ടി. പ്രവൃത്തി പൂർത്തിയാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിനായി ടി. വിഷയം കൗൺസിലിലേയ്ക്ക് ശുപാർശ ചെയ്തിട്ടുണ്ട്.

**അജണ്ട: 5.**

PW2-8651/17

ഏലൂർ നഗരസഭയിലെ 23-ാം വാർഡിൽ ജനതാ റോഡിന്റെ ടാർ ഇളകിപ്പോയി റോഡ് ശോചനീയാവസ്ഥയിലാണെന്നും വാഹനങ്ങൾ അപകടത്തിൽപ്പെടുന്നത് പതിവാണെന്നും ആയതിനാൽ ടി. പ്രശ്നത്തിന് അടിയന്തിരമായി പരിഹാരം കാണണമെന്നും കാണിച്ച് വാർഡ് കൗൺസിലർ ശ്രീമതി മെറ്റിൽഡ ജയിംസ് നൽകിയിരിക്കുന്ന കത്ത് ബഹു. കൗൺസിൽ പരിഗണനയ്ക്ക്.

കുറിപ്പ് : റോഡിന്റെ തകരാർ പരിഹരിക്കുന്നതിനായി 20,000/- രൂപയിൽ കൂടുതൽ ചിലവ് അധികരിക്കാത്ത വിധത്തിൽ എസ്റ്റിമേറ്റ് എടുത്ത് ടി. പ്രവൃത്തി പൂർത്തിയാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിനായി ടി. വിഷയം കൗൺസിലിലേയ്ക്ക് ശുപാർശ ചെയ്തിട്ടുണ്ട്.

**അജണ്ട: 6.**

PW3-639/10

ഏലൂർ നഗരസഭ – അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിൽ ഓവർസിയർ തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ താത്കാലിക നിയമനം നടത്തുന്നതിന് 05.10.2017 തീയതിയിൽ നടന്ന അഭിമുഖ പരീക്ഷയിൽ പങ്കെടുത്തവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | | മാർക്ക് |
|---|---|---|---|
| 1 | സേതുലക്ഷ്മി | – | 76 |
| 2 | സുൽഫിയത്ത് | – | 108 |

ടി. വിഷയം കൗൺസിൽ പരിഗണനയ്ക്കായി

**അജണ്ട: 7.**

PW3-4040/17

ഏലൂർ നഗരസഭ – പ്ലാനിംഗ് വിഭാഗം – 05.07.2017 തീയതിയിലെ സ.ഉ.(സാധാ)നം. 5375/2017/ധന. ഉത്തരവ് പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ 25,63,843/- (ഇരുപത്തഞ്ച് ലക്ഷത്തി അറുപത്തിമൂവായിരത്തി എണ്ണൂറ്റി നാല്പത്തിമൂന്ന്)രൂപ ഏലൂർ നഗരസഭയ്ക്ക് അനുവദിച്ചിട്ടുണ്ട്. 03.10.2017 തീയതിയിലെ കോർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം അധികമായി അനുവദിച്ച ടി. ധനകാര്യ കമ്മീഷൻ വിഹിതം ഉപയോഗിച്ച് പുതിയ പ്രൊജക്ടുകൾ ഏറ്റെടുക്കുന്നതിനോ നിലവിലുള്ള പ്രോജക്ടുകളുടെ വിഹിതം വർദ്ധിപ്പിക്കുന്നതിലേയ്ക്കായോ MRF 2017-18 പദ്ധതി ഭേദഗതി വരുത്താവുന്നതാണ് എന്ന് നിർദ്ദേശം ഉള്ളതാണ്. ടി. വിഷയം ബഹു. കൗൺസിൽ പരിഗണനയ്ക്കായി.

**അജണ്ട: 8.**

PW1-8815/17

വിഷയം : ഏലൂർ ഫെറിയിൽ പൊതുശൗചാലയം നിർമ്മിക്കുന്നതിനായി അനുയോജ്യമായ സ്ഥലം നിശ്ചയിച്ച് നൽകണമെന്ന് കാണിച്ചുകൊണ്ട് തഹസിൽദാർ നോർത്ത് പറവൂരിന് കത്ത് നൽകുന്ന വിഷയം ബഹു. കൗൺസിൽ പരിഗണനയ്ക്കായി.

കുറിപ്പ് : അനുമതി ലഭ്യമാക്കുന്നതുവരെ പുറമ്പോക്കു ഭൂമിയിൽ നിർമ്മാണം നിർത്തിവയ്ക്കണമെന്നും, വില്ലേജ് ഓഫീസ് ഗേറ്റിന് സമീപത്തുനിന്നും ടി. നിർമ്മാണം മാറ്റിസ്ഥാപിയ്ക്കണമെന്നും ആവശ്യപ്പെട്ട് വില്ലേജ് ഓഫീസർ കത്ത് നൽകിയിട്ടുണ്ട്.

**അജണ്ട: 9.**

PW3-8229/17

ഏലൂർ നഗരസഭ – പ്ലാനിംഗ് വിഭാഗം – ഏലൂർ നഗരസഭയിൽ കടുങ്ങല്ലൂർ വില്ലേജിൽ പുതിയറോഡ് കുറ്റിക്കാട്ടുകരയിൽ വാടക വീട്ടിൽ താമസിക്കുന്ന ശ്രീ. വിനീത് വി. വി. ടിയാന്റെയോ, ഭാര്യയുടേയോ പേരിൽ വീടോ സ്ഥലമോ ഇല്ലായെന്നും ആയതിനാൽ SC/ST കോളനിയിൽ ഒഴിഞ്ഞുകിടക്കുന്ന ST വിഭാഗക്കാർക്ക് അനുവദിച്ചിട്ടുള്ള വീട് ടിയാന് അനുവദിച്ചുതരണമെന്നന്ന് ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ചിട്ടുള്ള അപേക്ഷ ബഹു. കൗൺസിലിന്റെ പരിഗണനയ്ക്ക്.

കുറിപ്പ് : മേൽ പരാമർശിത വിഷയം ബഹു. കൗൺസിൽ മുമ്പാകെ പരിഗണനയ്ക്കു സമർപ്പിക്കുവാൻ 28.09.2017–ൽ കൂടിയ ബഹു. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 5–ാം നമ്പറായി തീരുമാനമെടുത്തിട്ടുള്ളതാണ്.

**അജണ്ട: 10.**

G1-8733/11

ഏലൂർ നഗരസഭാ സെക്രട്ടറി ശ്രീ. ബിജുമോൻ ജേക്കബിന്റെ 2017 ആഗസ്റ്റ്, സെപ്തംബർ മാസങ്ങളിലെ TA ബിൽ 12,600/– (പന്ത്രണ്ടായിരത്തി അറുന്നൂറ്)രൂപ അംഗീകരിക്കുന്ന വിഷയം ബഹു. കൗൺസിൽ പരിഗണനയ്ക്ക്

കുറിപ്പ് : ബില്ലുകൾ കൗൺസിൽ തീരുമാനം സഹിതം റീജിയണൽ ജോയിന്റ് ഡയറക്ടറുടെ പരിശോധനയ്ക്ക് അയച്ചുകൊടുക്കേണ്ടതാണ്.

**അജണ്ട: 11.**

A1-9213/17

ഏലൂർ നഗരസഭ – ധനകാര്യ വിഭാഗം – ജി.സി.ഡി.എ. – അംശാദായ തുക അടയ്ക്കുന്ന വിഷയം ബഹു. കൗൺസിൽ മുമ്പാകെ.

കുറിപ്പ് :

1. ഏലൂർ നഗരസഭയിൽ നിന്നും ജി.സി.ഡി.എ.–യ്ക്ക് ലഭിക്കുവാനുള്ള അംശാദായ തുക അടയ്ക്കുന്നതിനുവേണ്ട സത്വര നടപടികൾ സ്വീകരിയ്ക്കണമെന്നും, വാർഷിക ബഡ്ജറ്റിന്റെ പകർപ്പ് അയച്ച് നൽകണമെന്നും ആവശ്യപ്പെട്ട് കത്ത് ലഭിച്ചിട്ടുണ്ട്.
2. ഏലൂർ നഗരസഭ – 18.01.2017-ലെ കൗൺസിൽ ടി. വിഷയം വിശദമായി പഠിച്ച് അടുത്ത കൗൺസിലിൽ പരിഗണിക്കുന്നതിന് തീരുമാനിച്ചു.

**അജണ്ട: 12.**

PW2-182/12

ഏലൂർ നഗരസഭ – പ്ലാനിംഗ് വിഭാഗം – ഏലൂർ നഗരസഭയുടെ 2011-12 കാലയളവിലെ പ്രൊജക്ട് ആയ പട്ടികജാതി സമ്പൂർണ്ണ പാർപ്പിട പദ്ധതിയിലെ ഗുണഭോക്താവായ ശ്രീമതി അല്ലി

വേലായുധന് 4–ാം ഗഡു തുക അനുവദിക്കുന്നതിനുവേണ്ടി സമർപ്പിച്ച അപേക്ഷ ബഹു. കൗൺസിലിന്റെ പരിഗണനയ്ക്ക്.

കുറിപ്പ് : 2011-12 കാലയളവിൽ ടി. വിഭാഗത്തിൽപ്പെടുന്ന ഗുണഭോക്താക്കൾക്കുള്ള മുഴുവൻ തുകയും ഏലൂർ സർവ്വീസ് സഹകരണ ബാങ്കിൽ(E-103) നിക്ഷേപിച്ചിട്ടുള്ളതാണ്.

**അജണ്ട: 13.**

R3-10629/12

ഏലൂർ നഗരസഭ വക പാതാളം ഷോപ്പിംഗ് കോംപ്ലക്സ് സ്ഥിതിചെയ്യുന്ന കടുങ്ങല്ലൂർ വില്ലേജിന്റെ സ്ഥലമായ Sy. No. 37/1 സ്ഥലത്തിന്റെ ലീസ് തുക സ.ഉ.332/99സർക്കാർ ഉത്തരവു പ്രകാരം പുതുക്കി നിശ്ചയിച്ചതിൽ പ്രകാരം 2004-05 കാലയളവു മുതൽ 2017-18 കാലയളവു വരെയുള്ള ലീസ് തുക കുടിശ്ശിക 1,22,05,325/- (ഒരു കോടി ഇരുപത്തിരണ്ട് ലക്ഷത്തി അയ്യായിരത്തി മുന്നൂറ്റിഇരുപത്തഞ്ച്)രൂപ 10 ദിവസത്തിനകം ഒടുക്കണമെന്ന് ആവശ്യപ്പെട്ട് പറവൂർ തഹസിൽദാർ നൽകിയിട്ടുള്ള ഡിമാന്റ് നോട്ടീസ് ബഹു. കൗൺസിൽ പരിഗണനയ്ക്ക്. കൂടാതെ, നിലവിലെ വാർഷിക ലീസ് തുക 1,49,275/- (ഒരു ലക്ഷത്തി അയ്യായിരത്തി നാല്പത്തി ഒൻപതിനായിരത്തി ഇരുന്നൂറ്റിഎഴുപത്തഞ്ച്)രൂപയിൽ നിന്നും പ്രതി വർഷം 15,57,000/- (പതിനഞ്ച് ലക്ഷത്തി അൻപത്തേഴായിരം)രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട് എന്നും തഹസിൽദാർ അറിയിച്ചിട്ടുണ്ട്.

**അജണ്ട: 14.**

RI - 5409/12

വിഷയം : നഗരസഭയിൽ വസ്തു നികുതി പരിഷ്ക്കരണവും പുനർ നിർണ്ണയവും നടപ്പിലാക്കുന്നതിനും നികുതിയുടെ വാർഡ് പുനർനിർണ്ണയം ചെയ്ത് കമ്പ്യൂട്ടർ വത്ക്കരണം നടപ്പിലാക്കി നികുതി ഓൺലൈൻ സ്വീകരിക്കുന്നതടക്കമുള്ള ജോലികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് പുതിയ പ്രൊജക്ടുകൾ വയ്ക്കുന്ന വിഷയം കൗൺസിൽ പരിഗണനയ്ക്കായി.

കുറിപ്പ് :

1. നികുതി പരിഷ്ക്കരണവും പുനർനിർണ്ണയവും നടപ്പിലാക്കാത്തതിനാൽ നഗരസഭയ്ക്ക് വരുമാന നഷ്ടം ഉണ്ടാകുന്നതാണ്.
2. നഗരസഭയുടെ നികുതി അസ്സസ്സ്മെന്റ് നടത്തുന്നത് പഞ്ചായത്തായിരുന്ന കാലഘട്ടത്തിലെ 13 വാർഡുകളെ അടിസ്ഥാനമാക്കിയാണ്. ആയതുമൂലം പല ബുദ്ധിമുട്ടുകളും നേരിട്ടു വരുന്നതുമാണ്.
3. അസ്സസ്സ്മെന്റ് രജിസ്റ്ററുകൾ കമ്പ്യൂട്ടർവത്ക്കരണം നടത്തേണ്ടത് അത്യാവശ്യമാണ്.
4. രണ്ടാം ഗ്രേഡ് നഗരസഭയ്ക്ക് അനുസരിച്ചുള്ള സ്റ്റാഫ് പാറ്റേൺ നിരവധി തവണ ആവശ്യപ്പെട്ടിട്ടും അനുവദിച്ച് കിട്ടിയിട്ടില്ലാത്തതും നഗരസഭയിൽ ആവശ്യത്തിന് ജീവനക്കാർ ഇല്ലാത്തതുമാണ്.
5. നികുതി പരിഷ്ക്കരണത്തിന് ദിവസവേതന അടിസ്ഥാനത്തിൽ ജീവനക്കാരെ നിയോഗിക്കുന്നതിന് സർക്കാരിലേക്ക് കത്ത് അയച്ചുവെങ്കിലും നാളിതുവരെ അനുമതി ലഭിച്ചിട്ടില്ലാത്തതാണ്.

**അജണ്ട: 15.**

R1 - 912/16

92/18 പ്രൊജക്ട് നമ്പർ ആയി ഏലൂർ നഗരസഭ വടക്കുംഭാഗത്ത് എസ് സി വിഭാഗക്കാർക്കായി നിർമ്മിക്കുന്ന 25 ഭവനങ്ങളുടെ ഗുണഭോക്താക്കളായി തിരഞ്ഞെടുത്തിരിക്കുന്ന 25 പേർക്ക് അവർ ഹാജരാക്കേണ്ട രേഖകളും നിബന്ധനകളും നിഷ്ക്കർഷിച്ച് രേഖാ മൂലം എസ് സി പ്രൊമോട്ടർമാർ മുഖേന അറിയിപ്പ് നൽകിയിരുന്നു.

എന്നാൽ ടി 25 പേരിൽ ഒരാൾ ഉഷാ ചന്ദ്രൻ, പെരിങ്ങോട്ട് വീട്, ഏലൂർ വടക്കുംഭാഗം എന്നവർ അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടുള്ള റേഷൻ കാർഡിൽ ഉടമസ്ഥ ശ്രീമതി ചന്ദ്രലേഖയും ഭർത്താവും ഉൾപ്പെട്ടിട്ടുള്ളതും ടി കാർഡുടമയ്ക്ക് സ്വന്തമായി വീടും സ്ഥലവും ഉള്ളതുമാണ്. ടി ഭവനപദ്ധതിക്കും സർക്കാരിന്റെ ലൈഫ് മിഷൻ പദ്ധതി മാനദണ്ഡങ്ങൾ ബാധകമായതിനാൽ അപേക്ഷ നിർവ്വഹണ ഉദ്യാഗസ്ഥനായ ഹെൽത്ത് ഇൻസ്പെക്ടർ പരിഗണിക്കുകയുണ്ടായില്ല.

എന്നാൽ അപേക്ഷകയായ ശ്രീമതി. ഉഷാ ചന്ദ്രൻ ബഹു. ചെയർപേഴ്സണ് സമർപ്പിച്ചിട്ടുള്ള ദയാ അപേക്ഷയിൽ ഗുണഭോക്തൃ വിഹിതം അടപ്പിക്കുവാനും വിഷയം കൗൺസിൽ മുമ്പാകെ സമർപ്പിക്കുവാനും ബഹു. ചെയർപേഴ്സന്റെ അനുമതിയുടെ അടിസ്ഥാനത്തിൽ 06.10.2015 തീയതിയിൽ ശ്രീമതി ഉഷാചന്ദ്രൻ 56,500/- രൂപ ഗുണഭോക്തൃ വിഹിതമായി നഗരസഭയിൽ ഒടുക്കിയിട്ടുണ്ട്.ലൈഫ് മിഷൻ പദ്ധതിയായ ഭൂരഹിത-ഭവനരഹിതർക്ക് ഭവനം എന്ന പദ്ധതിക്ക് ഒരു റേഷൻ കാർഡ് ഒരു കുടുംബം എന്ന രീതിയിൽ പരിഗണിക്കണമെന്നാണ് നിബന്ധന. ടി നിബന്ധന പ്രകാരം റേഷൻകാർഡ് ഹാജരാക്കാത്ത പക്ഷം ടി അപേക്ഷക അനർഹയാകുന്നതാണ്. ടി വിഷയം ബഹു. കൗൺസിൽ പരിഗണനയ്ക്കായി

കുറിപ്പ് : നാളുകളായി സപ്ലൈ ഓഫീസിൽ നിന്നും പുതിയ റേഷൻകാർഡ് അനുവദിക്കുന്നില്ല എന്നും പുതിയ റേഷൻകാർഡ് അനുവദിക്കുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണ് എന്നും ചൂണ്ടിക്കാട്ടി ശ്രീമതി ഉഷാ ചന്ദ്രൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

**അജണ്ട: 16.**

**പ്രമേയം :-**

ഏലൂർ നഗരസഭയിലെ കുടിവെള്ള പ്രശ്നത്തിന് ശാശ്വതമായ പരിഹാരം കാണുന്നതിനുവേണ്ടി ഏലൂർ നഗരസഭയിൽ മഞ്ഞുമ്മൽ കോട്ടക്കുന്ന് പ്രദേശത്ത് ആയുർവ്വേദ ആശുപത്രികെട്ടിടം സ്ഥിതിചെയ്യുന്ന സ്ഥലത്തും, ഏലൂർ നാറാണത്ത് അമ്പലത്തിന്റെ പരിസരത്തും രണ്ട് കുടിവെള്ള ഓവർ ഹെഡ് ടാങ്ക് നിർമ്മിക്കുകയും കളമശ്ശേരി നഗരസഭയിലെ Old Pump House മുതൽ ഏലൂർ നഗരസഭയിലെ മുഴുവൻ പഴകിയ ആസ്ബറ്റോസ് പൈപ്പ് ലൈനുകൾ മാറ്റി, DI Pipr Line സ്ഥാപിക്കുന്നതിനും Detailed estimate എടുക്കുന്നതിന് Chief Engineer, Centre Region, Kochi-11 ന് കത്ത് നൽകുകയും എസ്റ്റിമേറ്റ് അടിയന്തിരമായി സർക്കാരിലേയ്ക്ക് അയച്ച് (KIIFB)-യുടെ ഫണ്ട് ഉപയോഗിച്ച്, വ്യവസായം മലിനീകരണം മൂലം കുടിവെള്ള പ്രശ്നം നേരിടുന്ന ഏലൂരിലെ മുഴുവൻ ജനങ്ങൾക്കും 24 മണിക്കൂറും കുടിവെള്ളം ലഭ്യമാക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

അവതാരകൻ : ജോസഫ് ഷെറി വി. റ്റി.

അനുവാചകൻ : കാർത്തികേയൻ(7-ാം വാർഡ് കൗൺസിലർ)